## പതിമൂന്നാം കേരള നിയമസഭ

### പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 259** **11/12/2014-ൽ മറുപടിക്ക്**

### <u>സമഗ്ര വിദ്യാഭ്യാസ പദ്ധതി</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ<br>ഡോ. എൻ. ജയരാജ്<br>ശ്രീ. പി.സി. ജോർജ്<br>ശ്രീ. എം.വി. ശ്രേയാംസ് കുമാർ | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് നടപ്പിലാക്കിയ സമഗ്ര വിദ്യാഭ്യാസ പദ്ധതി വിജയകരമായിരുന്നോയെന്ന് വിശദമാക്കാമോ; | (എ) പൊതുവിദ്യാഭ്യാസ മേഖലയിൽ ഒന്നാം ക്ലാസ്സ് മുതൽ പന്ത്രണ്ടാം ക്ലാസ്സ് വരെയുള്ള കുട്ടികളുടെ പഠനത്തിൽ ഗുണപരമായ മേന്മ എന്ന ലക്ഷ്യം മുൻനിർത്തി രൂപംകൊടുത്ത സമഗ്രവിദ്യാഭ്യാസ പദ്ധതി അസംബ്ലിനിയോജക മണ്ഡലങ്ങളിൽ വിജയകരമായി നടപ്പിലാക്കി വരുന്നു. |
| (ബി) പ്രസ്തുത പദ്ധതി ഏതെല്ലാം ജില്ലകളിലാണ് നടപ്പിലാക്കിയത്; എത്ര നിയോജക മണ്ഡലങ്ങൾ ഇതിന്റെ ഭാഗഭാക്കായെന്ന് അറിയിക്കുമോ; | (ബി) സംസ്ഥാനത്ത് 56 അസംബ്ലി നിയോജകമണ്ഡലങ്ങളിൽ സമഗ്രവിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കുന്നതിനായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ അസംബ്ലി നിയോജകമണ്ഡലങ്ങൾ 14 ജില്ലകളിലും ഉൾപ്പെടുന്നു. |
| (സി) സമഗ്ര വിദ്യാഭ്യാസ പദ്ധതി സംസ്ഥാനത്തൊട്ടാകെ വിപുലമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) അസംബ്ലി നിയോജക മണ്ഡലങ്ങളിൽ എം.എൽ.എ.മാരുടെ വികസന ഫണ്ട്, എസ്.എസ്.എ., ആർ.എം.എസ്.എ., സ്പോൺസർഷിപ്പ്, സന്നദ്ധസംഘടനകൾ എന്നീ ധനസ്രോതസ്സുകൾ ആണ് സമഗ്ര വിദ്യാഭ്യാസ പദ്ധതിക്കായി വിനിയോഗിക്കുന്നത്. എം.എൽ.എ.മാരുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്. 56 നിയോജക മണ്ഡലങ്ങളിൽ പദ്ധതി നടപ്പിലാക്കിവരുന്നു. ബാക്കിയുള്ള നിയോജക മണ്ഡലങ്ങളിലെ എം.എൽ.എ.മാർ ശുപാർശ ചെയ്യുന്ന മുറക്ക് പ്രസ്തുത മണ്ഡലങ്ങളിൽ പദ്ധതി നടപ്പിലാക്കാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**